പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3572 08.11.2019-ലെ മറുപടിക്ക്

**വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ**

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
" പി.ടി. തോമസ്
" വി.ഡി.സതീഷൻ
" വി.എസ്.ശിവകുമാർ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കെ.എസ്. ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള കൺസഷൻ നിർത്തലാക്കുവാൻ ആലോചിക്കുന്നുണ്ടോ; | (എ) | നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ സൗജന്യ നിരക്കിലുള്ള വിദ്യാർത്ഥി കൺസഷൻ എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിന് നിർവ്വാഹമില്ലാത്തതാണ്. എന്നിരുന്നാലും കൺസഷൻ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. |
| (ബി) | കൺസഷനുവേണ്ടി വിദ്യാർത്ഥികൾ നൽകിയ അപേക്ഷകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | 2019-20 വർഷത്തിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും യൂണിറ്റ് തലത്തിൽ നൽകി വന്നിരുന്ന കൺസഷൻ ടിക്കറ്റ് വിതരണത്തിൽ യാതൊരു മുടക്കവും നാളിതുവരെ വന്നിട്ടില്ലാത്തതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തനതു വർഷത്തെ അഫിലിയേഷൻ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങളുടേയും ആവശ്യമായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകളും, 40 കി.മീറ്ററിൽ കൂടുതൽ ദൂരപരിധി ആവശ്യപ്പെട്ട അപേക്ഷകളും, കെ.എസ്.ആർ.ടി.സി നാമമാത്രമായി ഓടുന്ന സ്ഥലങ്ങളിലേയ്ക്കുള്ള കൺസഷൻ ടിക്കറ്റുകളും പ്രത്യേക അനുമതി നൽകി ചീഫ് ഓഫീസ് തലത്തിൽ തീർപ്പ് കൽപ്പിക്കാറുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിലൂടെ കെ.എസ്.ആർ.ടി.സി. യ്ക്ക് പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനനഷ്ടമാണ് ഉണ്ടാകുന്നത് ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് തികച്ചും സൗജന്യമായും, മറ്റ് വിദ്യാർത്ഥികൾക്ക് വളരെ കുറഞ്ഞ നിരക്കിലുമാണ് കൺസഷൻ ടിക്കറ്റ് അനുവദിക്കുന്നത്. യാത്രാനിരക്കിന്റെ ശരാശരി 17.32% നിരക്ക് മാത്രമാണ് കെ.എസ്.ആർ. ടി.സി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി |

| | | | |
|---|---|---|---|
| | | | വരുന്നത്. 2018-19 വർഷത്തിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച വകയിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് 124,26,79,934/- രൂപയുടെ ബാധ്യത കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | നിലവിൽ കെ.എസ്.ആർ. ടി.സി. ആർക്കൊക്കയാണ് സൗജന്യ യാത്ര /കൺസഷൻ അനുവദിച്ചിട്ടുള്ളത് ; | (ഡി) | വിദ്യാർത്ഥികൾ, വികലാംഗർ, അന്ധർ, ബധിര-മൂകർ, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഉള്ളവർ - അവരെ അനുഗമിക്കുന്ന ഒരാൾ, ക്യാൻസർ രോഗികൾ, സ്വാതന്ത്ര്യ സമരസേനാനികൾ / അവരുടെ വിധവകൾ, അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ, എം.എൽ.എ, മുൻ എം.എൽ.എ, എം.പി, അർജ്ജുന – ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്കാർ നേടിയവർ, കോർപ്പറേഷനിലെ അംഗീകൃത സംഘടനകളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, PCRA, B.S.S സ്റ്റേറ്റ് ചെയർമാൻ, കോർപ്പറേഷനിൽ നിന്നും വിരമിച്ചവർ എന്നിവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യ യാത്രാപാസ് അനുവദിച്ചുവരുന്നു. |
| (ഇ) | ഏതെങ്കിലും വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സൗജന്യ യാത്ര പാസ്സ് നിർത്തലാക്കുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ